"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല - മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. രവീന്ദ്രയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.2777/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 06/12/2019**

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 25.11.2015-ലെ സി.ടി.പി.(വിജി.) 531/2015 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 29.08.2017-ലെ ഡി5-13051/2016 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 12.07.2018-ലെ ഡി5-13051/2016 നമ്പർ നടപടിക്രമങ്ങൾ

4 സർക്കാരിന്റെ 12.03.2019-ലെ ഇപിബി3/66/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. എം. രവീന്ദ്രയുടെ 15.05.2019-ലെ പ്രതിവാദ പത്രിക

6 കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.06.2019-ലെ DDP-KSD/1065/2019- SC6 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ 02.07.2015-ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് മംഗൽപ്പാടി വില്ലേജിലെ സർവ്വേ 129/5 pt, 129/6 pt എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് BL-387/10-11 നമ്പർ പെർമിറ്റ് പ്രകാരമുള്ള നിർമ്മാണത്തിന് ചട്ടലംഘനത്തോടുകൂടി പെർമിറ്റ് അനുവദിച്ചതും, ചട്ടലംഘനത്തോടുകൂടി നമ്പർ അനുവദിച്ചതുമായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എം. രവീന്ദ്രയ്ക്കെതിരെ ചുവടെ ചേർക്കുന്ന ആരോപണങ്ങൾ മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

1. സെക്രട്ടറിയായിരിക്കെ ശ്രീ. എം. രവീന്ദ്ര കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ശ്രീ. മുഹമ്മദ് ജവാദ് നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് നൽകി.

2. ഉപ്പള വില്ലേജ് ഓഫീസർ 28/01/2011-ൽ നൽകിയ ലൊക്കേഷൻ സ്കെച്ചിലെ അളവുകളും അപ്രൂവ്ഡ്

പ്ലാനിലെ അളവുകളും പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് ഒത്തു നോക്കി ബോധ്യപ്പെടാതെയും അപാകതകൾ പരിഹരിക്കാതെയും നമ്പർ അനുവദിച്ചതിൽ കെഎംബിആർ 11(1), 11(2)/കെപിബിആർ 11(1), 11(2) എന്നിവയുടെയും ലംഘനം നടത്തി.

3. കെട്ടിടത്തിന്റെ പെർമിറ്റ് അപേക്ഷയിൽ സ്റ്റെയർ റൂം ഉൾപ്പെടെ 10.30 മീറ്ററും സ്റ്റെയർ റൂം ഒഴികെ 7.50 മീറ്റർ എന്ന് കാണിച്ചിരിക്കുന്നു. കെ.എം.ബി.ആർ 56 (2)/കെ.പി.ബി.ആർ 58 (2) പ്രകാരം 10 മീറ്റർ വരെ ഗ്രൂപ്പ് എഫിൽ പ്പെട്ട കെട്ടിടത്തിന് 1.50 മീറ്റർ റെയർ യാർഡ് ആവശ്യമാണ്. ആയതിന്റെ ലംഘനം നടത്തി.

4. കെ.എം.ബി.ആർ 56 (2)/കെ.പി.ബി.ആർ 58 (2) പ്രകാരം കെട്ടിടത്തിന്റെ പാർശ്വവശങ്ങൾക്ക് 1 മീറ്ററും 1.20 മീറ്ററും ആവശ്യമായിരുന്നു പരാമർശിത കെട്ടിടത്തിന്റെ പാർശ്വവശങ്ങൾ ഇരുവശവും അതിരിനോട് ചേർത്ത് കെട്ടിയിരിക്കുന്നു. ആയതിനാൽ കെ.എം.ബി.ആർ 56 (2)/കെ.പി.ബി.ആർ 58(2) എന്നിവയുടെ ലംഘനം നടത്തി.

5. കെട്ടിടത്തിന്റെ അപ്രൂവ്ഡ് പ്ലാൻ പ്രകാരം കവറേജ് 88 %വും എഫ്.എ.ആർ 2.45-ഉം ആണ്. കെ.എം.ബി.ആർ 31 (2) പ്രകാരം ഗ്രൂപ്പ് എഫ്. ന് അനുവദനീയമായ കവറേജ് 65 % ഉം കാറ്റഗറി രണ്ടിൽപ്പെട്ട ഗ്രാമപഞ്ചായത്തിലെ കെ.പി.ബി.ആർ 35 (2) പ്രകാരം അനുവദിനീയമായ കവറേജ് 55 % ആയിരിക്കെ കവറേജ് എഫ്.എ.ആർ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു.

6. കെട്ടിടത്തിന്റെ പാർക്കിംഗിനായി രേഖപ്പെടുത്തിയ സ്ഥലത്തു മറ്റ് നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നു. വാഹന പാർക്കിംഗിന് ആവശ്യമായ സ്ഥലം ഇല്ല, കെ.എം.ബി.ആർ 34(2), 4(3), 34(4)/കെ.പി.ബി.ആർ 38 (2), 38 (4) എന്നിവയുടെ ലംഘനവും കുറഞ്ഞത് കയറ്റിറക്ക് സ്ഥലം ഏർപ്പെടുത്താത്തത് വഴി കെ.എം.ബി.ആർ 34 (5), കെ.പി.ബി.ആർ 58 (6) എന്നിവയുടെ ലംഘനം നടത്തി.

7. കെട്ടിടത്തിന് സാനിട്ടേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതു വഴി കെ.എം.ബി.ആർ 54 (6)/കെ.പി.ബി.ആർ 58 (6 ) എന്നിവ ലംഘിച്ചു.

ശ്രീ. എം. രവീന്ദ്രയ്ക്കെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 30.11.2017-ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.സി.എസ്. (സി.സി.&എ) പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാധ്യമല്ലാത്തതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവന്ന അച്ചടക്ക നടപടി പരാമർശം (3) നടപടിക്രമങ്ങൾ പ്രകാരം അവസാനിപ്പിച്ച് കെ.എസ്.ആർ. ഭാഗം 3 പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. എം. രവീന്ദ്രയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം. രവീന്ദ്ര പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം. രവീന്ദ്രയുടെ പ്രതിമാസ പെൻഷനിൽ

നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. എം. രവീന്ദ്രയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. രവീന്ദ്രയ്ക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. എം. രവീന്ദ്ര, മുൻ സെക്രട്ടറി, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/66/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ